ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:08.05.2025**

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂറിൻറെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ ഇന്ന് സർവകക്ഷിയോഗം ചേർന്നു. സൈനിക നീക്കത്തെ ഏകകണ്ഠമായി പിന്തുണച്ച് രാഷ്ട്രീയ പാർട്ടികൾ.
2. പ്രധാനമന്ത്രി നരേന്ദ്രമോദി ഉന്നതതലയോഗം വിളിച്ച് സുരക്ഷാ സാഹചര്യങ്ങൾ വിലയിരുത്തി. ഇന്ത്യൻ സേനയുടെ നീക്കം രാജ്യത്തിനാകെ അഭിമാനമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.
3. പാക് വ്യോമ പ്രതിരോധ സംവിധാനങ്ങൾക്ക് നേരെ ഇന്ന് ആക്രമണം നടത്തി ഇന്ത്യ. പാകിസ്ഥാൻറെ ഡ്രോൺ, മിസൈൽ ആക്രമണ ശ്രമങ്ങൾ തകർത്തതായി പ്രതിരോധ മന്ത്രാലയം.
4. കേരളത്തിൽ വീണ്ടും നിപ സ്ഥിരീകരിച്ചു. മലപ്പുറം വളാഞ്ചേരി സ്വദേശിനിക്കാണ് രോഗബാധ.
5. മുതിർന്ന കോൺഗ്രസ് നേതാവ് സണ്ണി ജോസഫിനെ കെ പി സി സി അധ്യക്ഷനായി നിയമിച്ചു. അടൂർ പ്രകാശ് യു ഡി എഫ് കൺവീനർ.
6. സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&&

RNU TVPM

## സർവ്വകക്ഷിയോഗം (ഇൻട്രോ)

കേന്ദ്രസർക്കാർ വിളിച്ചുചേർത്ത സർവകക്ഷിയോഗത്തിൽ, ഓപ്പറേഷൻ സിന്ദൂറിന് ഏകകണ്ഠമായി പിന്തുണയറിയിച്ച് രാഷ്ട്രീയ പാർട്ടികൾ. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ പാർലമെന്റ് മന്ദിരത്തിലാണ് യോഗം ചേർന്നത്. സൈനിക നടപടിയുടെ വിശദവിവരങ്ങൾ ശ്രീ രാജ്നാഥ്സിങ്ങ് യോഗത്തിൽ പങ്കുവച്ചു. സർവകക്ഷിയോഗം ഫലപ്രദമായിരുന്നുവെന്ന് പാർലമെൻററി കാര്യമന്ത്രി കിരൺ റിജിജു അറിയിച്ചു. ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും യോഗശേഷം അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

കേന്ദ്രമന്ത്രിമാരായ അമിത് ഷാ, എസ് ജയശങ്കർ, ജെപി നഡ്ഡ എന്നിവർ യോഗത്തിൽ പങ്കെടുത്തു. കേന്ദ്രസർക്കാരിന് എല്ലാപിന്തുണയും ഉറപ്പുനൽകുന്നതായി രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജ്ജുൻ ഖർഗേയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വ്യക്തമാക്കി. ജോൺ ബ്രിട്ടാസ്, സുപ്രിയ സുലേ, ചിരാഗ് പാസ്വാൻ, പ്രഫുൽ പട്ടേൽ ഉൾപ്പെടെയുള്ള നേതാക്കൾ വിവിധ രാഷ്ട്രീയ കക്ഷികളെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തു.

PNUTVPM

**********************************

## പ്രധാനമന്ത്രി - ഉന്നതതല യോഗം

സൈനിക നടപടികളുടെ പശ്ചാത്തലത്തിൽ, ദേശീയ സുരക്ഷാ സാഹചര്യം ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മന്ത്രാലയ സെക്രട്ടറിമാരുമായി ഉന്നതതല യോഗം ചേർന്നു. കേന്ദ്ര മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കുമിടയിൽ ഏകോപനം സുഗമമായി നിലനിർത്തണമെന്ന് പ്രധാനമന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

സിവിൽ ഡിഫൻസ് സംവിധാനം, വ്യാജ വാർത്തകൾ തടയൽ, തന്ത്രപ്രധാന മേഖലകളുടെ സുരക്ഷ എന്നിവ യോഗത്തിൽ ചർച്ചയായി.

******************************

## രാജ്നാഥ് സിങ് (ഇൻട്രോ)

ഓപ്പറേഷൻ സിന്ദൂറിലൂടെ 9 പാക് ഭീകരകേന്ദ്രങ്ങൾ തകർത്ത ഇന്ത്യൻ സേനയുടെ നീക്കം രാജ്യത്തിനാകെ അഭിമാനകരമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഉന്നത നിലവാരമുള്ള പ്രതിരോധ ഉപകരണങ്ങളാണ് സൈനിക നടപടിക്കായി ഉപയോഗിച്ചത്. നിരപരാധിയായ ഒരാൾക്കുപോലും അപായമുണ്ടാകാത്ത വിധത്തിലാണ് ഈ സൈനിക നടപടിയെന്നും, ഇന്ത്യൻ സായുധ സേനയുടെ ധീരതയെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

(വോയിസ്)

RNU TVPM

******************************

## പാകിസ്ഥാൻ പ്രതിരോധം (ഇൻട്രോ)

പാകിസ്ഥാന്റെ വ്യോമ പ്രതിരോധ റഡാർ സംവിധാനങ്ങൾക്ക് നേരെ ആക്രമണം നടത്തി ഇന്ത്യ. ഇന്ന് രാവിലെ നടന്ന ആക്രമണത്തിൽ, ലാഹോറിലെ വ്യോമ പ്രതിരോധ സംവിധാനം ഇന്ത്യൻ സായുധ സേന തകർത്തതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. പാകിസ്ഥാൻ ഇന്നലെ രാത്രി നടത്തിയ ഡ്രോൺ, മിസൈൽ ആക്രമണ ശ്രമങ്ങൾക്ക് അതേ തീവ്രതയിലുള്ള മറുപടിയാണ് ഇന്ത്യ നൽകിയത്. അവന്തിപുര, ശ്രീനഗർ, ജമ്മു, പത്താൻകോട്ട്, അമൃതസർ, കപൂർത്തല, ജലന്ധർ, ലുധിയാന എന്നിവിടങ്ങളിലെ സൈനിക

കേന്ദ്രങ്ങൾക്ക് നേരെയാണ് പാകിസ്ഥാൻ ഇന്നലെ ആക്രമണ ശ്രമം നടത്തിയത്. ഇന്ത്യ ഈ ശ്രമങ്ങളെ തകർത്തതായും, ഇവിടെനിന്നും കണ്ടെടുത്ത അവശിഷ്ടങ്ങൾ പാക് നീക്കത്തിന്റെ തെളിവാണെന്നും കേണൽ സോഫിയാ ഖുറേഷിയും, വിങ് കമാൻഡർ വ്യോമികാ സിങ്ങും ന്യൂഡൽഹിയിൽ സംയുക്ത വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

*******************************

## വിക്രം മിസ്രി

പഹൽഗാം ഭീകരാക്രമണത്തിനുള്ള മറുപടി മാത്രമാണ് ഇന്ത്യ നടത്തിയ പ്രത്യാക്രമണമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. പാകിസ്ഥാനിലെ ഭീകരവാദ കേന്ദ്രങ്ങളെ മാത്രമാണ് ഇന്ത്യ ആക്രമിച്ചതെന്നും അദ്ദേഹം സംയുക്ത വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ഭീകരതയുടെ ആഗോള കേന്ദ്രമാണ് പാകിസ്ഥാനെന്ന് ഇതിനകം തന്നെ വ്യക്തമായതാണ്. ഇന്ത്യൻ സൈനിക നീക്കത്തിൽ മരിച്ച ഭീകരരുടെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ നടത്തിയ പാകിസ്ഥാന്റെ നടപടിയെയും അദ്ദേഹം അപലപിച്ചു. ഇന്ത്യയുടെ നേർക്കുള്ള പാകിസ്ഥാൻറെ പ്രത്യാക്രമണ നീക്കങ്ങൾ സാധാരണക്കാരെയാണ് ബാധിക്കുന്നതെന്നും ശ്രീ വിക്രം മിസ്രി പറഞ്ഞു.

*******************************

## നിയന്ത്രണ രേഖ - വെടിവെയ്പ്പ്

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയ്ക്ക് സമീപമുള്ള കുപ് വാര, ബാരാമുള്ള, ഉറി, പൂഞ്ച്, മെന്ദാർ, രജൗരി മേഖലകളിൽ പാകിസ്ഥാൻ നടത്തുന്ന വെടിവെയ്പ്പും, ഷെല്ലാക്രമണവും

RNU TVPM

വർദ്ധിച്ചു വരുന്നതായി പ്രതിരോധ മന്ത്രാലയം. മൂന്ന് സ്ത്രീകളും 5 കുട്ടികളും ഉൾപ്പെടെ 16 പേരാണ് പാക് ആക്രമണത്തിൽ മരിച്ചത്. ഇന്ത്യൻസേന ശക്തമായ തിരിച്ചടിയാണ് നൽകിയതെന്ന് മന്ത്രാലയം അറിയിച്ചു.

********************************

പാകിസ്ഥാനി ഉള്ളടക്കം

പാകിസ്ഥാനിൽ നിന്നുള്ള വെബ് സീരീസുകളും, സിനിമകളും, മറ്റ് ഉള്ളടക്കങ്ങളും, രാജ്യത്തെ ഒടിടി, മീഡിയ സ്ട്രീമിങ്ങ് പ്ലാറ്റ്ഫോമുകളിൽ സംപ്രേഷണം ചെയ്യുന്നത് നിർത്തിവെയ്ക്കാൻ നിർദേശം നൽകി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യ സുരക്ഷ മുൻനിർത്തിയാണ് നിർദേശം.

RNU TVPM

********************************

വിമാന സർവ്വീസ്

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ ഡൽഹി വിമാനത്താവളം വഴിയുള്ള 90 ഓളം വിമാനസർവീസുകൾ ഇന്ന് റദ്ദാക്കി. അന്താരാഷ്ട്ര സർവീസുകൾ അടക്കമാണ് റദ്ദാക്കിയത്. ജമ്മു, ശ്രീനഗർ, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിൽ നിന്നുള്ള ആഭ്യന്തര വിമാനസർവീസുകളും മറ്റന്നാൾ വരെ നിർത്തിവച്ചിരിക്കുകയാണ്.

********************************

മലപ്പുറം - നിപ

കേരളത്തിൽ വീണ്ടും നിപ സ്ഥിരീകരിച്ചു. മലപ്പുറം വളാഞ്ചേരി സ്വദേശിയായ 42 കാരിക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. പൂനെ വൈറോളജി ലാബിൽ നിന്നുള്ള പരിശോധനാ ഫലം പോസിറ്റീവായി. നിലവിൽ പെരിന്തൽമണ്ണയിലെ ആശുപത്രിയിൽ ചികിത്സയിലാണ് ഇവർ. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുമെന്നും, സംശയം ഉണ്ടായപ്പോൾ തന്നെ ജാഗ്രതാ നിർദ്ദേശം നൽകിയിരുന്നതായും ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. മലപ്പുറം കളക്ടറേറ്റിൽ മന്ത്രിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

********************************

## കെ പി സി സി അധ്യക്ഷൻ

RNU TVPM

മുതിർന്ന കോൺഗ്രസ് നേതാവ് സണ്ണി ജോസഫിനെ കെ പി സി സി അധ്യക്ഷനായി നിയമിച്ചു. സ്ഥാനമൊഴിയുന്ന അധ്യക്ഷൻ കെ സുധാകരനെ പ്രവർത്തകസമിതി സ്ഥിരം ക്ഷണിതാവാക്കി. അടൂർ പ്രകാശാണ് യു ഡി എഫ് കൺവീനർ. പി സി വിഷ്ണുനാഥ്, എ പി അനിൽ കുമാർ, ഷാഫി പറമ്പിൽ എന്നിവരെ വർക്കിംഗ് പ്രസിഡന്റുമാരായും നിയമിച്ചു. എ ഐ സി സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് തീരുമാനമെടുത്തത്.

********************************

## എസ് എസ് എൽ സി പരീക്ഷാഫലം

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നാളെ പ്രഖ്യാപിക്കും പ്രഖ്യാപിക്കും. നാല് ലക്ഷത്തി 26,697 വിദ്യാർഥികളാണ് ഇത്തവണ പരീക്ഷയെഴുതിയത്. റ്റിഎച്ച്എസ്എൽസി, എഎച്ച്എസ്എൽസി പരീക്ഷാഫലങ്ങളും നാളെ അറിയാം.

പരീക്ഷാ  ഫലം നാളെ വൈകുന്നേരം നാലു മണി മുതൽ PRD LIVE മൊബൈൽ ആപ്പിലും വിവിധ ഔദ്യോഗിക വെബ്സൈറ്റുകളിലും ലഭിക്കുന്നതാണ്.

*******************************

## പട്ടയമേള-മുഖ്യമന്ത്രി

ഭൂരഹിതരും ഭാവന രഹിതരും ഇല്ലാത്ത ഒരു കേരളം എന്ന ലക്ഷ്യത്തിലേക്കാണ് സർക്കാർ മുന്നേറുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാറിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാന തല പട്ടയമേള പാലക്കാട് കോട്ടമൈതാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കഴിഞ്ഞ 9 വർഷത്തിനുള്ളിൽ 4 ലക്ഷം കുടുംബങ്ങളാണ് സസ്ഥാനത്ത് ഭൂമിയുടെ ഉടമകളായി മാറിയത്. രാജ്യത്ത് ഒരു സർക്കാരിനും അവകാശപ്പെടാനില്ലാത്ത നേട്ടമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

*******************************

## സ്വാതിതിരുന്നാൾ - സംഗീതോത്സവം

സ്വാതിതിരുനാൾ ജയന്തിയോടനുബന്ധിച്ച് ആകാശവാണി കേരളാ നിലയങ്ങൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്വാതിതിരുന്നാൾ സംഗീതോത്സവം തിരുവനന്തപുരം കോട്ടയ്ക്കകം ലെവി ഹാളിൽ ഞായറാഴ്ച നടക്കും. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ ആകാശവാണി കേരളാ നിലയങ്ങൾ  സംഗീതാർച്ചന തത്സമയം പ്രക്ഷേപണം ചെയ്യും.

*******************************

## കണ്ണൂർ-ഹജ്ജ്

ഹജ്ജ് ക്യാമ്പുകളുടെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിർവഹിക്കും. പുതുതായി നിർമ്മിക്കുന്ന ഹജ്ജ് ഹൗസിന്റെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള ഇത്തവണത്തെ ഹജ്ജ് യാത്ര ഞായറാഴ്ചയാണ് ആരംഭിക്കുക. 4,929 പേരാണ് ഇത്തവണ കണ്ണൂർ വഴി ഹജ്ജ്കർമ്മത്തിനായി പോകുന്നത്.

********************************

## എ.എം.ആർ. ഉന്നതതല യോഗം

ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കർമ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ശക്തമായ നടപടികൾ സ്വീകരിക്കുന്നതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം ഏതാണ്ട് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി 450 ലേറെ ഫാർമസികൾക്കെതിരെ നടപടികൾ സ്വീകരിച്ചായും ആരോഗ്യമന്ത്രി അറിയിച്ചു.

********************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ധരംശാലയിലാണ് മത്സരം.

********************************

RNU TVPM

## ഓഹരി വിപണി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 412 പോയിന്റ് ഇടിഞ്ഞ് 80,335 ലും നിഫ്റ്റി 141 പോയിന്റ് നഷ്ടത്തിൽ 24,274 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ കുതിപ്പ് തുടരുന്നു. പവന് 440 രൂപ കൂടി 73,040 രൂപയും ഗ്രാമിന് 9,130 രൂപയുമാണ് ഇന്നത്തെ വില. ഇന്ത്യാ-പാക് സംഘർഷ സാഹചര്യത്തിൽ രൂപയുടെ മൂല്യം 88 പൈസ ഇടിഞ്ഞ്, ഡോളറിന് 85 രൂപ 71 പൈസയായി.

*

*******************

******************************************

RNU TVPM